ചെറുകിട തുറമുഖങ്ങളുടെ വികസനം

10 (*250) പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീമതി മേഴ്സി രവി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൻ. ശക്തൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള ചെറുകിട തുറമുഖങ്ങളുടെ വികസനത്തിനായി ഏതെങ്കിലും കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആരെയെല്ലാമെന്ന് പറയുമോ ;

(സി) ഏതെല്ലാം തുറമുഖങ്ങളുടെ വികസനത്തിനുള്ള രൂപരേഖയാണ് ഇവർ തയ്യാറാക്കേണ്ടത് ;

(ഡി) എന്നേയ്ക്ക് പ്രസ്തുത ജോലി പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) :

(എ) ഉണ്ട്.

(ബി) ഐ.സി.ഐ.സി.ഐ./കിൻഫ്രാ., എൽ ആന്റ് ടി റാംബോൾ ചെന്നൈ.

(സി) അഴീക്കലിന്റേത് ഐ. സി. ഐ. സി.ഐ./കിൻഫ്രായും, ആലപ്പുഴയുടെയും വിഴിഞ്ഞത്തിന്റേയും എൽ ആന്റ് ടി റാംബോൾ ചെന്നൈയുമാണ് തയ്യാറാക്കേണ്ടത്. കൂടാതെ വിഴിഞ്ഞം പദ്ധതിയുടെ നടപടികളിൽ സർക്കാരിനെ സഹായിക്കാൻ ക്യാപ്പിറ്റൽ റീജിൻ ഡെവലപ്മെന്റിന്റെ കൺസൾട്ടന്റായ ഐ.എൽ. ആന്റ് എഫ്.എസ്സും ഉണ്ട്.

(ഡി) അഴീക്കൽ തുറമുഖ വികസനത്തിനുള്ള പ്രോജക്ട് റിപ്പോർട്ടും ആലപ്പുഴ തുറമുഖത്തിന്റേതും 2003 ജൂലൈ മാസത്തിലും വിഴിഞ്ഞം തുറമുഖത്തിന്റേത് സെപ്റ്റംബർ 2003-ലും പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സ്വകാര്യ മേഖലയിൽ ഖനനത്തിന് അനുമതി നൽകുന്നത് തീരുമാനിക്കാൻ നിയോഗിച്ച സമിതി

11 (*251) ശ്രീ. സാജു പോൾ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യമേഖലയിൽ കരിമണൽ ഖനനത്തിന് അനുമതി നൽകാമോ എന്നതിനെക്കുറിച്ച് തീരുമാനിക്കാൻ ഒരു സമിതിയെ നിയോഗിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly